**ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**

***പബ്ളിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ,***

***തിരുവനന്തപുരം 695 033***

**(ഹാജർ:ശ്രീ.റ്റി.കെ.മനോജ് കുമാർ.ഐ.എ.എസ്)**

**നമ്പർഎൽ.ആർ.റ്റി(2)-2002/2011** **തീയതി : 17.09.2011**

വിഷയം: ജീവനക്കാര്യം - ലാന്റ് റവന്യൂ വകുപ്പ് - 01.01.2006 മുതൽ 31.12.2010 വരെയുള്ള എച്ച്.സി./ആർ.ഐ/വി.ഒ. അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്,.

വായന:

1. ലാന്റ് റവന്യൂ കമ്മീഷണറുടെ 16.06.2011-ലെ L.R.T (2) -2002/11 നമ്പർ നടപടിക്രമ പ്രകാരം പ്രസിദ്ധീകരിച്ച 01.01.2006 മുതൽ 31.12.2010 വരെയുള്ള എച്ച്.സി./ആർ.ഐ./വി.ഒ. താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റ്
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 17.09.2011 -ലെ L.R. T (2) - 50267/08 നമ്പർ നടപടിക്രമ പ്രകാരം തിട്ടപ്പെടുത്തിയ 01.01.2006 മുതൽ 31.12.2010 വരെയുള്ള എച്ച്.സി./ആർ.ഐ/വി.ഒ. ത്സതികയിലെ ഒഴിവുകൾ.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 16.04.2011- ലെ L.R. T(3) - 2003/11(1)- ാം നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 10.09.1984 മുതൽ 31.12.1998 വരെയുള്ള യു.ഡി.സി/വി.ഒ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 16.04.2011 - ലെ L.R. T (3) - 2003/11(2)-ാം നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.11.1998 മുതൽ 30.06.2004 വരെയുള്ള യു.ഡി.സി/എസ്.വി.ഒ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 07.05.2011-ലെ LRT(2) - 2002/11(2) നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച 01.11.1998 മുതൽ 31.12.2005 വരെയുള്ള എച്ച്.സി./ആർ.ഐ./വി.ഒ.മാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 17.09.2011 -ലെ L.R. E (7) - 16931/11 നമ്പർ നടപടിക്രമം.

വായന (1) പ്രകാരം 01.01.2006 മുതൽ 31.12.2010 വരെയുള്ള എച്ച്.സി./ആർ.ഐ./വി.ഒ. മാരുടെ സംസ്ഥാനതല താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിന്മേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശവാദങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളുടേയും ഗവൺമെന്റ് ഉത്തരവുകളുടേയും കോടതി വിധിന്യായങ്ങളുടേയും അടിസ്ഥാന- ത്തിൽ വിശദമായി പരിശോധിച്ചും പരാതിക്കാരെ നേരിൽ കേട്ടും തീർപ്പാക്കിയിട്ടുള്ളതാണ്.

വായന (6) പ്രകാരം 01.01.2006 മുതൽ 31.12.2010 വരെയുള്ള എച്ച്.സി./ആർ.ഐ/വി.ഒ. താല്ക്കാലിക പ്രൊമോഷനുകൾ KS & SSR Rule 28 b(ii) പ്രകാരം ക്രമീകരിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. അതനുസരിച്ച്, വായന (5) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിന് തുടർച്ചയായി തയ്യാറാക്കിയിട്ടുള്ള 01.01.2006 മുതൽ 31.12.2010 വരെയുള്ള എച്ച്.സി./ആർ.ഐ./വി.ഒ. അന്തിമ സീനിയോരിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്ത് ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

ജില്ലാ കളക്ടർ/ഓഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ഈ സീനിയോരിറ്റി ലിസ്റ്റ് പരിശോധിക്കുവാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ട തുമാണ്.

ഒപ്പ്/-
കമ്മീഷണർ
ലാന്റ് റവന്യൂ.

<u>പകർപ്പ്</u>

1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(ആമുഖകത്ത് ഹിതം)
2) അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് ഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,തിരുവനന്തപുരം.
6) ഡയറക്ടർ,സർവ്വെ & ലാന്റ് റിക്കാർഡ്, തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ.